# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3626 15/7/2015-ൽ മറുപടിക്ക്

## ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ ശുദ്ധജല വിതരണ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി.വിഷ്ണുനാഥ് | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള ശുദ്ധജല വിതരണ പദ്ധതികൾ ഏതൊക്കെയാണ്; ഉത്തരവുകൾ സഹിതം വ്യക്തമാക്കുമോ; | (എ) ഈ സർക്കാർ അധികാരമേറ്റശേഷം ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള ശുദ്ധജല വിതരണ പദ്ധതിയാണ് ചെറിയനാട് ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി. കൂടാതെ ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിനായി ജില്ലാ കളക്ടറുടെ എസ്.സി.പി ഫണ്ട്, വരൾച്ചാ ദുരിതാശ്വാസ ഫണ്ട്, ഗ്രാമപഞ്ചായത്തിന്റെ ജനകീയാസൂത്രണ ഫണ്ട് എന്നിവയിൽപ്പെടുത്തി 22 പ്രവൃത്തികൾ 34.08 ലക്ഷം രൂപയ്ക്ക് പൂർത്തിയാക്കുകയുണ്ടായി. വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു. |
| (ബി) ശുദ്ധജല ക്ഷാമം പരിഹരിക്കുവാൻ മണ്ഡലത്തിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയെന്നും അവയുടെ ഉത്തരവുകളുടെ പകർപ്പും ലഭ്യമാക്കുമോ; | (ബി) ശുദ്ധജല ക്ഷാമം പരിഹരിക്കുവാൻ താഴെ പറയുന്ന പദ്ധതികളുടെ പണി പുരോഗമിച്ചുവരുന്നു.<br>(1) മുളക്കുഴ & വെണ്മണി പഞ്ചായത്തിലേക്കുള്ള ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി<br>(2) മാന്നാർ & കുരട്ടശ്ശേരിയിലേക്കുള്ള ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി<br>(3) ആല, പുലിയൂർ, ബുധനൂർ & പാണ്ടനാട് പഞ്ചായത്തിലേക്കുള്ള ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി.<br>ഇവയുടെ ഉത്തരവുകൾ അനുബന്ധം-2 ആയി ഉള്ളടക്കം ചെയ്തിട്ടുണ്ട്. |

ഇതിനുപുറമെ 2014-ലെ ജില്ലാ കളക്ടറുടെ വരൾച്ചാ ദുരിതാശ്വാസ പ്രവൃത്തിയിൽ ഉൾപ്പെടുത്തിയ 14.84 ലക്ഷം രൂപയുടെ ഏഴ് പ്രവൃത്തികളുടെ പണിയും ദ്രുതഗതിയിൽ പൂർത്തീകരിച്ചുവരുന്നു.

(സി) ശുദ്ധജല ക്ഷാമം പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

(സി) ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി പൈപ്പ് ലൈനിലെയും പമ്പ് ഹൗസിലെയും അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പരിഹരിച്ചുവരുന്നു.

മേൽ പറഞ്ഞ പദ്ധതികൾ പൂർത്തീകരിച്ചു കഴിയുമ്പോൾ മുളക്കുഴ, വെണ്മണി, മാന്നാർ, ചെന്നിത്തല, തൃപ്പെരുംന്തറ, ആല, പുലിയൂർ, ബുധനൂർ, പാണ്ടനാട്, ചെറിയനാട് എന്നീ പഞ്ചായത്തുകളിൽ ശുദ്ധജല ക്ഷാമം പരിഹരിക്കുവാൻ സാധിക്കുന്നതാണ്.

കൂടാതെ തിരവണ്ടൂർ പഞ്ചായത്ത്, മാന്നാർ (ഭാഗീകം) എന്നീ സ്ഥലങ്ങളിൽ തിരുവല്ല-കല്ലിശ്ശേരി കുടിവെള്ള പദ്ധതി വഴിയും ശുദ്ധജല ലഭ്യത ഉറപ്പാക്കാവുന്നതാണ്. ഇതിനുപുറമെ 2015-ലെ ജില്ലാ കളക്ടറുടെ വരൾച്ചാ ദുരിതാശ്വാസ പ്രവൃത്തിയിൽ ഉൾപ്പെടുത്തുന്നതിനായി 18.28 ലക്ഷം രൂപയുടെ 4 പ്രവൃത്തികൾ അനുമതിക്കായി കേരള വാട്ടർ അതോറിറ്റി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

JSK/